# 15th Meeting of the Working Mechanism for Consultation & Coordination on India-China Border Affairs

June 24, 2020

---

## ഇന്ത്യ -ചൈന അതിർത്തി പ്രശ്നങ്ങളോടനുബന്ധിച്ചു വർക്കിങ് മെക്കാനിസം ഫോർ കൺസൾട്ടേഷൻ & കോർഡിനേഷന്റെ 15 മത് സമ്മേളനം

ജൂൺ 24, 2020

ഇന്ത്യ ചൈന അതിർത്തി പ്രശ്നങ്ങളിൽ വർക്കിങ് മെക്കാനിസം ഫോർ കൺസൾട്ടേഷൻ & കോർഡിനേഷന്റെ 15 മത് സമ്മേളനം 1010 ജൂൺ 24 ന് വീഡിയോ കോൺഫറൻസിലൂടെ നടന്നു. ജോയ്ന്റ് സെക്രട്ടറി (കിഴക്കൻ ഏഷ്യ) ഇന്ത്യൻ വിഭാഗത്തെയും ചൈനീസ് MFA യുടെ അതിർത്തി & നാവിക വകുപ്പ് ഡയറക്റ്റർ ജനറൽ ചൈനീസ് വിഭാഗത്തെയും നയിച്ചു.

2. ഇന്ത്യ -ചൈന , അതിർത്തിയിലെ പ്രത്യേകിച്ചും കിഴക്കൻ ലഡാക്കിലെ സ്ഥിഗതികൾ ഇരു വിഭാഗങ്ങളും വിശദമായി ചർച്ച ചെയ്തു.ജൂൺ 15 ന് നടന്ന ഗൾവാൻ വാലിയിലെ പ്രക്ഷോഭത്തിനും അതിനെത്തുടർന്നുണ്ടായ ദുരന്തങ്ങളും ഉൾപ്പടെ കിഴക്കൻ ലഡാക്കിൽ നടന്നു കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെക്കുറിച്ചു ഇന്ത്യൻ വിഭാഗം ആശങ്ക പ്രകടിപ്പിച്ചു. ഇതിനെ തുടർന്ന് യഥാർത്ഥ നിയന്ത്രണ രേഖ ഇരു വിഭാഗങ്ങളും കർശനമായി പാലിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണെന്നു ഊന്നി പറഞ്ഞു.

3. ഇന്ത്യൻ വിദേശകാര്യമന്ത്രിയും ചൈനയുടെ സ്റ്റേറ്റ് കൗൺസിലറും വിദേശകാര്യമന്ത്രിയുമായ ശ്രീ വാങ് യി യും തമ്മിൽ കഴിഞ്ഞ ആഴ്ചയിൽ നടത്തിയ സംഭാഷണം ഇരു വിഭാഗങ്ങളും അനുസ്മരിച്ചു കൂടാതെ ജൂൺ 6 ന് ഉന്നതതല കമ്മാണ്ടർമാർ എത്തിച്ചേർന്ന സൈനിക പിന്മാറ്റത്തിനായുള്ള പരസ്പര ധാരണകൾ ഇരു വിഭാഗങ്ങളും സത്യസന്ധമായി തന്നെ നടപ്പിലാക്കുന്നതാണെന്നു ഉറപ്പു നൽകി. എത്രയും പെട്ടന്ന് തന്നെ ഉഭയകക്ഷി ഉടമ്പടികൾക്കും നയങ്ങൾക്കും അനുസൃതമായി ഈ ധാരണകൾ നടപ്പിലാക്കുന്നത് അതിർത്തി പ്രദേശങ്ങളിലെ ശാന്തിയും സമാധാനവും ഉറപ്പാക്കുന്നതിനും ഇരു രാജ്യങ്ങളും തമ്മിലുള്ള അതിർത്തി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും സഹായകമാകുമെന്ന് ഇരു വിഭാഗങ്ങളും അനുകൂലിച്ചു.ഈ പശ്ചാത്തലത്തിൽ, ജൂൺ 22 ന് നടന്ന ഉന്നതതല കമ്മാണ്ടർമാരുടെ രണ്ടാമത് സമ്മേളനത്തിൽ നടന്ന ചർച്ചകൾ ശ്രദ്ധിക്കുകയും ചെയ്തു.

4. നിലവിലെ സാഹചര്യം സമാധാനപരമായി പരിഹരിക്കുന്നതിന് WMCC യ്ക്ക് കീഴിൽ നയതന്ത്ര-സൈനിക തലങ്ങളിലെ ആശയവിനിമയം നിലനിർത്തുന്നതാണെന്നും ഇരു വിഭാഗങ്ങളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**24 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.